(ബി) കാസർഗോഡ് ജില്ലയിൽ ഈസ്റ്റ്-എളേരി ഗ്രാമപഞ്ചായത്ത് 74 നായ്ക്കൾക്കും കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് 239 നായ്ക്കൾക്കും വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

ഇ.എം.എസ്. ഭവന പദ്ധതി

204 (4247) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ മുഴുവൻ ഉപഭോക്താക്കൾക്കും തുക കൊടുത്തു തീർത്തിട്ടുണ്ടോ ;

(ബി) തറ വിസ്തീർണ്ണം കൂടുതലായതിന്റെ പേരിൽ എത്രപേർക്ക് തുക തടഞ്ഞ് വെച്ചിട്ടുണ്ടെന്ന് പറയാമോ ;

(സി) മുഴുവൻ പേർക്കും പുതിയ മാനദണ്ഡപ്രകാരമുള്ള തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗം

205 (4248) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ജില്ലാ പഞ്ചായത്തുകൾക്കും കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു ; ഇതിൽ എത്ര രൂപ ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചു ; ചെലവഴിച്ച ശതമാനം എത്രയായിരുന്നു ; ജില്ലാപഞ്ചായത്തും, വർഷങ്ങളും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതി വിഹിതമായി അനുവദിച്ച എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ തുക എത്ര വീതമായിരുന്നു ; ഇതിൽ എത്ര രൂപ ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ചു ; ചെലവഴിച്ച ശതമാനം എത്രയായിരുന്നു ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly